പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

**സംയോജിത നീർത്തട വികസനപദ്ധതി**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3017 | 23.03.2015 ൽ മറുപടിക്ക്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.ഇ.ചന്ദ്രശേഖരൻ | | ശ്രീ.കെ.സി.ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി) | |
| (എ) | ബ്ലോക്ക് പഞ്ചായത്തുകൾ മുഖാന്തിരം തിരഞ്ഞെടുക്കപ്പെട്ട ഗ്രാമപഞ്ചായത്തുകളിൽ നടത്തുന്ന സംയോജിത നീർത്തട വികസന പദ്ധതിയുടെ (IWMP) പുരോഗതി ജില്ലാടിസ്ഥാനത്തിൽ വിലയിരുത്താറുണ്ടോ; വിശദമാക്കുമോ; | (എ) | വിലയിരുത്താറുണ്ട്. പദ്ധതിയുടെ പുരോഗതി വിലയിരുത്തുന്നതിന് ബന്ധപ്പെട്ടവരുടെ റിവ്യൂമീറ്റിങ്ങുകൾ സംസ്ഥാനതലത്തിലും , ജില്ലാ ബ്ലോക്ക് തലങ്ങളിലും സമയബന്ധിതമായി നടത്തുന്നുണ്ട്. |
| (ബി) | പദ്ധതി ഫലപ്രദമായി നടക്കുന്നില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | പദ്ധതിയുടെ നടത്തിപ്പ് സംസ്ഥാനത്ത് ഫലപ്രദമായി നടക്കുന്നുണ്ട്. പദ്ധതിയ്ക്കായി കേന്ദ്രസംസ്ഥാന വിഹിതമായി ലഭിച്ചിട്ടുള്ള തുകയുടെ 90% നാളിതുവരെ ചെലവഴിക്കുകയും രണ്ടാംഗഡു ധനസഹായത്തിനായുള്ള അപേക്ഷ കേന്ദ്രസർക്കാരിന് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) | പഞ്ചായത്തിൽ പ്രസ്തുത പദ്ധതി നടപ്പാക്കുമ്പോൾ ഒരു ഉദ്യോഗസ്ഥൻ (VEO) തന്നെ ഒന്നിലേറെ വാട്ടർഷെഡുകളുടെ (ചില സർക്കിളുകളിൽ 8 എണ്ണത്തിൽ വരെ) സെക്രട്ടറിയായി പ്രവർത്തിക്കേണ്ടി വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| (ഡി) | ഗ്രാമപഞ്ചായത്തിലെ നിർവ്വഹണ ഉദ്യോഗസ്ഥൻ കൂടിയായ വി.ഇ.ഒ യ്ക്ക് ജോലിഭാരം കൂടിയത് കൊണ്ടാണ് പദ്ധതിയുടെ വേഗത കുറഞ്ഞത് എന്നത് ബോധ്യപ്പെട്ടിട്ടുണ്ടോ; | (ഡി) | പദ്ധതിയുടെ വേഗത കുറഞ്ഞതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഇ) | ഒരു വാട്ടർഷെഡിന് ഒരു സെക്രട്ടറി | (ഇ) | ഒന്നിലധികം നീർത്തട കമ്മിറ്റികളുടെ |

| | |
|---|---|
| എന്ന നിലയിൽ മറ്റ് ഉദ്യോഗസ്ഥരെ കൂടി ഈ പദ്ധതിയുടെ ഭാഗമാക്കാൻ നടപടി സ്വീകരിക്കുമോ ? | സെക്രട്ടറിയായി ഒരു വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർക്ക് ചുമതല വരുന്ന സാഹചര്യം പരമാവധി ഒഴിവാക്കേണ്ടതാണെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. അത്തരം സാഹചര്യങ്ങളിൽ ബ്ലോക്ക് പഞ്ചായത്തിന് കീഴിൽ പ്രവർത്തിക്കുന്ന മറ്റ് വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാർക്കും ഗ്രാമപഞ്ചായത്തിന് വിട്ടുകിട്ടപ്പെട്ട മറ്റ് ഉദ്യോഗസ്ഥർക്കും നീർത്തട കമ്മിറ്റി സെക്രട്ടറിയുടെ ചുമതല നൽകാവുന്നതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ